**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3594** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്ക് സംവരണം ഉറപ്പാക്കി കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സംവരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ കേരള സ്റ്റേറ്റ് പ്ലാനിങ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | (എ) ഉണ്ട്. ഭിന്നശേഷിക്കാർക്കായുള്ള തസ്തികകൾ കണ്ടെത്തുന്നത് ആർ. പി.ഡബ്ല്യു.ഡി.ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള എക്സ്പെർട്ട് കമ്മിററിയാണ്. ശ്രീമതി. സുഹ്റാബി.പി.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No. 353/2020 കേസിലെ 04/03/2020 ലെ ഉത്തരവ് നടപ്പാക്കിയും കേരള സ്റ്റേററ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തിക ഭിന്നശേഷക്കാർക്ക് അനുയോജ്യമായി കണ്ടെത്തിക്കൊണ്ടും 14/08/2020 തീയതിയിലെ സ.ഉ. (കൈ) നം. 19/2020 സാനീവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | സർക്കാർ ഭിന്നശേഷിക്കാർക്കുള്ള തസ്തികകൾ കണ്ടെത്താൻ വൈകി എന്ന കാരണത്താൽ നിയമപ്രകാരം ലഭിക്കേണ്ട സംവരണം നിഷേധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഭിന്നശേഷി സംവരണം പി.എസ്.സി. മുഖേനയാണ് നടപ്പിലാക്കുന്നത്. 14/08/2020 തീയതിയിലെ സ.ഉ. (അച്ചടി) നം. 15/2020/സാനീവ ഉത്തരവ് പ്രകാരം (അനുബന്ധം IIആയി ചേർക്കുന്നു) ഒരു തസ്തികയുടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയാൽ ടി സംവരണം തുടർന്നുവരുന്ന നോട്ടിഫിക്കേഷനുകൾക്ക് ബാധകമാക്കി പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം തസ്തികകളിലെ ഭിന്നശേഷി സംവരണം അടുത്ത പിഎസ.സി നോട്ടിഫിക്കേഷൻ പ്രകാരം നടപ്പിലാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-ശ്രീമതി.സുഹ്റാബി.പി.പി, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)No.353/2020 കേസിലെ 4.3.2020 ലെ ഉത്തരവ് നടപ്പിലാക്കിയും കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(കൈ)നം.19/20/സാ.നീ.വ തിരുവനന്തപുരം, തീയതി 14.8.2020

പരാമർശം:-
1. ശ്രീമതി.സുഹ്റാബി.പി.പി, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)No.353/2020 കേസിലെ 4.3.2020 ലെ ഉത്തരവ്
2. ശ്രീമതി.സുഹ്റാബി.പി.പി, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത MA(EKM)No.377/2020 ൽ ഉൾക്കൊള്ളിച്ച 28.2.2020 ലെ (Annexure A15) നിവേദനം
3. 20.5.2020 ലെ എക്സ്പർട്ട് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്

### ഉത്തരവ്

ശ്രീമതി.സുഹ്റാബി.പി.പി, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)No.353/2020 കേസിൽ, ഉത്തരവിന്റെ പകർപ്പ് ലഭ്യമായി 2 മാസത്തിനകം രണ്ടാം എതിർകക്ഷിയായ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അപേക്ഷകയുടെ Annexure A15 നിവേദനം പരിശോധിച്ച് തീരുമാനം കൈക്കൊള്ളണമെന്ന് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്.

2. ശ്രീമതി.സുഹ്റാബി.പി.പി, പരാമർശം 2 പ്രകാരം സമർപ്പിച്ച നിവേദനം പ്രകാരം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിച്ചു കൊണ്ട് റാങ്ക് ലിസ്റ്റ് റിവൈസ് ചെയ്യുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

3. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തി സംവരണം അനുവദിക്കണമെന്ന വിഷയം എക്സ്പർട്ട് കമ്മിറ്റി വിവിധ യോഗങ്ങളിൽ പരിശോധിച്ചു. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തുവാനും ആയതിനു നിഷ് തയ്യാറാക്കിയ functionality assessment അംഗീകരിക്കുവാനും പരാമർശം 3 പ്രകാരം എക്സ്പർട്ട് കമ്മിറ്റി യോഗം ശുപാർശ ചെയ്തിട്ടുണ്ട്.

നിഷ് തയ്യാറാക്കിയ functionality assessment താഴെ ചേർക്കുന്നു.

| Physical requirement for performing in the particular post | Details of Disability which may be considered with Disability percentage | Assistive support required |
|---|---|---|
| Category I Blindness and low vision | B, LV-40%-100% | Visual Assistive Devices |

| | | |
|---|---|---|
| Catetory II Deat and hard of hearing | HH-Reasonable communication skills as assessed by WHODAS2 | Hearing devices |
| Category III<br>Locomotor disability, leprosy cured, dwarfism, acid attack victims and muscular dystrophy | OA, OL | Mobiligy & adaptice devices |
| Category IV & V Autism spectrum disorders, intellectual disability, specific learning disability, cerebral palsy and mental illness Multiple disabilities including the above identified combinations | S, ST, W, RW, SE, C | |

4. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. എക്സ്പർട്ട് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചു കൊണ്ട് നിഷ് തയ്യാറാക്കിയ മേൽ പ്രതിപാദിച്ച functionality assessment പ്രകാരം കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിക്കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ശ്രീമതി.സുഹ്റാബി.പി.പി യുടെ പരാമർശം 2 പ്രകാരമുള്ള നിവേദനം ഇപ്രകാരം തീർപ്പാക്കി ശ്രീമതി.സുഹ്റാബി.പി.പി, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)No.353/2020 കേസിലെ 4.3.2020 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ശ്രീമതി.സുഹ്റാബി.പി.പി. പുത്തൻവീടിക്കൽ ഹൗസ് മാറാവട്ടം. കാടാമ്പുഴ.പി.ഒ. മലപ്പുറം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Jasmin Thomas

സെക്ഷൻ ഓഫീസർ

File No.SJD-D1/237/2017-SJD

"ലോകാഃ സമസ്താഃ സുഖിനോ ഭവന്തു"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതിവകുപ്പ് - ഒരു തസ്തികയുടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയാൽ ടി സംവരണം തുടർന്ന് വരുന്ന നോട്ടിഫിക്കേഷനുകൾക്കു ബാധകമാക്കിയാൽ മതിയാകും എന്ന പൊതു നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ.(അച്ചടി) നം.15/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 14/08/2020

---

പരാമർശം:- 20.5.2020 ലെ എക്സ്പർട്ട് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

ഒരു തസ്തികയുടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ നോട്ടിഫിക്കേഷൻ തിയതിയിലോ അതിനു മുൻപോ ടി തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ മാത്രം ടി നോട്ടിഫിക്കേഷനിൽ ഇക്കാര്യം പ്രതിപാദിക്കാറുള്ളൂ. എന്നാൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം, ടി തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തുന്നതിനായി അപേക്ഷകൾ സമർപ്പിക്കുകയും, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനു ശേഷം ഭിന്ന ശേഷിക്കാർക്കായി കണ്ടെത്തുന്ന തസ്തികകൾക്ക് നോട്ടിഫിക്കേഷൻ പ്രകാരം സംവരണം നല്കിയിട്ടില്ലായെങ്കിലും സംവരണം അനുവദിക്കണം എന്നാവശ്യപ്പെട്ട നിരവധി പരാതികളും കോടതി കേസുകളും നിലവിലുണ്ട്.

2. ഒരു തസ്തികയുടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ നോട്ടിഫിക്കേഷൻ തിയതിയിലോ അതിനു മുൻപോ ടി തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന റാങ്ക് ലിസ്റ്റിലെ നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം ബാധകമാക്കിയാൽ മതിയെന്നും, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനു ശേഷം ഒരു തസ്തിക ഭിന്നശേഷിക്കാർക്കായി [illegible] മതിയാകും എന്നും പരാമർശം പ്രകാരം എക്സ്പർട്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നോട്ടിഫിക്കേഷൻ തീയതിക്ക് മുൻപ് തസ്തിക ഭിന്നശേഷി സംവരണത്തിനായി മാറ്റിവെക്കാത്തതു കാരണം പിന്നീടുണ്ടാകുന്ന റാങ്ക് ലിസ്റ്റിൽ സാധാരണ ഗതിയിൽ ഭിന്നശേഷിക്കാർ ഉണ്ടാകാറില്ല. എന്നാൽ അവർക്കായി തസ്തികകൾ പിന്നീട് മാറ്റി—വയ്ക്കപ്പെടുമ്പോൾ, ഇത് അർഹരായുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തിന് കാലതാമസം ഉണ്ടാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഒരു തസ്തികയുടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ നോട്ടിഫിക്കേഷൻ തിയതിയിലോ അതിനു മുൻപോ ടി തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന റാങ്ക് ലിസ്റ്റിലെ നിയമനങ്ങൾക്ക്

ഭിന്നശേഷി സംവരണം ബാധകമാക്കിയാൽ മതിയെന്നും, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനു ശേഷം ഒരു തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയാൽ ടി സംവരണം തുടർന്ന് വരുന്ന നോട്ടിഫിക്കേഷനുകൾക്കു ബാധകമാക്കിയാൽ മതിയാകും എന്നുമുള്ള പൊതു നിർദേശം പി എസ് സി ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

വകർപ്പ്

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Jasmine Thomas
Date: 2020.08.15 17:49:46 IST
Reason: Approved

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - ശ്രീമതി സുഹ്റാബി പി പി , ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No: 353/2020 കേസിലെ 4.3.2020 ലെ ഉത്തരവ് നടപ്പിലാക്കിയും കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റൻറ് തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (ഡി) വകുപ്പ്

**സ.ഉ.(കൈ) നം.19/2020/സാ.നീ.വ** തീയതി,തിരുവനന്തപുരം, 14/08/2020

---

പരാമർശം:- 1 ശ്രീമതി സുഹ്റാബി പി പി , ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No: 353/2020 കേസിലെ 4.3.2020 ലെ ഉത്തരവ്

2 ശ്രീമതി സുഹ്റാബി പി പി , ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത MA (EKM) No: 377/2020 ൽ ഉൾക്കൊള്ളിച്ച 28/02/2020 ലെ (Annexure A15 ) നിവേദനം

3 20.05.2020 ലെ എക്സ്പെർട്ട് കമ്മിറ്റി യോഗത്തിൻെറ നടപടികുറിപ്പ്

<u>ഉത്തരവ്</u>

ശ്രീമതി സുഹ്റാബി പി പി, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No: 353/2020 കേസിൽ , ഉത്തരവിൻെറ പകർപ്പ് ലഭ്യമായി 2 മാസത്തിനകം രണ്ടാം എതിർകക്ഷിയായ സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറി അപേക്ഷകയുടെ Annexure A15 നിവേദനം പരിശോധിച്ച് തീരുമാനം കൈക്കൊള്ളണമെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്.

2. ശ്രീമതി സുഹ്റാബി പി പി , പരാമർശം 2 പ്രകാരം സമർപ്പിച്ച നിവേദനം പ്രകാരം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റൻറ് തസ്തികയിൽ ഭിന്നശേഷി ഉദ്യോഗാർഥികൾക്ക് സംവരണം അനുവദിച്ചു കൊണ്ട് റാങ്ക് ലിസ്റ്റ് റിവൈസ് ചെയ്യുവാൻ കേരള പബ്ലിക് സർവീസ് കമ്മീഷന് നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

3. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റൻറ് തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തി സംവരണം അനുവദിക്കണമെന്ന വിഷയം എക്സ്പെർട്ട് കമ്മിറ്റി വിവിധ യോഗങ്ങളിൽ പരിശോധിച്ചു. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റൻറ് തസ്തിക ഭിന്നശേഷിക്കാർക്കായി കണ്ടെത്തുവാനും ആയതിനു നിഷ് തയ്യാറാക്കിയ functionality assessment അംഗീകരിക്കുവാനും പരാമർശം 3 പ്രകാരം എക്സ്പെർട്ട് കമ്മിറ്റി യോഗം ശുപാർശ ചെയ്തിട്ടുണ്ട്.

നിഷ് തയ്യാറാക്കിയ functionality assessment താഴെ ചേർക്കുന്നു.

| Physical requirement for performing in the particular post | Details of Disability which may be considered with Disability percentage | Assistive support required |
|---|---|---|
| Category 1 Blindness and low vision | B, LV – 40% - 100% | Visual Assistive Devices |
| Category II<br>Deaf and hard of hearing | HH-Reasonable communication skills as assessed by WHODAS2 | Hearing devices |
| Category III<br>Loco-motor disability, leprosy cured, dwarfism,<br>acid attack victims and muscular dystrophy | OA, OL | Mobility & adaptive devices |
| Category IV & V Autism spectrum disorders, intellectual disability, specific learning disability, cerebral palsy and mental illness Multiple disabilities including the above identified combinations | S,ST,W,RW,SE,C | |

4. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. എക്സ്പെർട്ട് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചു കൊണ്ട് നിഷ് തയ്യാറാക്കിയ മേൽ പ്രതിപാദിച്ച functionality assessment പ്രകാരം കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റൻറ് തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തികൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ശ്രീമതി സുഹറാബി പി. പി. യുടെ പരാമർശം 2 പ്രകാരമുള്ള നിവേദനം ഇപ്രകാരം തീർപ്പാക്കി, ശ്രീമതി സുഹ്റാബി പി പി , ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No: 353/2020 കേസിലെ 4.3.2020 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു പ്രഭാകർ**

**സെക്രട്ടറി**

പകർപ്പ്:

സെക്രട്ടറി കേരള പബ്ലിക് സർവീസ് കമ്മീഷൻ , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )

അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം )

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്,വികാസ് ഭവൻ, തിരുവനന്തപുരം.

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ , തിരുവനന്തപുരം

ചെയർമാൻ, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം

ആസൂത്രണ കാര്യ വകുപ്പ്

ശ്രീമതി സുഹറാബി പി പി , പുത്തൻപീടികക്കൽ ഹൗസ്, മാറാവട്ടം, കാടാമ്പുഴ പി ഒ , മലപ്പുറം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Jasmine Thomas
Date: 2020.08.15 17:53:34 IST
Reason: Approved

സെക്ഷൻ ഓഫീസർ